**കേരള സർക്കാർ**

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികളിൽനിന്നും പുസ്തകങ്ങളെടുത്ത വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ലൈബ്രറി പിഴ ഒഴിവാക്കുന്നത് -സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

KNTEO

=================================================================================

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1408/2021 /ഉ.വി.വ. തീയതി, തിരുവനന്തപുരം,22.10.2021

---

പരാമർശം - 11.10.2021 തീയതിയിലെ സ.ഉ.(സാധാ) നം. 1351/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ , കേരളത്തിലെ കലാലയങ്ങൾ അടഞ്ഞു കിടന്നിരുന്നതിനാൽ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികളിൽനിന്നും പുസ്തകങ്ങളെടുത്ത വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പുസ്തകം തിരിച്ചുനൽകുമ്പോഴുള്ള പിഴയിൽനിന്ന് ഒഴിവാക്കി പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പിഴ ഈടാക്കാതിരിക്കേണ്ട കാലയളവ് വ്യക്തമാക്കാതിരുന്നതിനാൽ ഈ ഉത്തരവ് നടപ്പിലാക്കുമ്പോൾ ആശയക്കുഴപ്പം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ കാലയളവ് പരിഗണിക്കാതെ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ലൈബ്രറികളിൽ നിന്നും പുസ്തകങ്ങളെടുത്ത വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പുസ്തകം തിരിച്ചുനൽകുമ്പോഴുള്ള പിഴയിൽനിന്ന് ഒഴിവാക്കേണ്ടതാണ് എന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

**സജുകുമാർ.എൻ**

**ജോയിന്റ് സെക്രട്ടറി**

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, ചാക്ക, തിരുവനന്തപുരം.
4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയൻ ചാരാച്ചിറ, കവടിയാർ പി.ഓ., തിരുവനന്തപുരം -3
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ.,

KNTEO

കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, കരിപ്പുഴ, കൊല്ലം

8. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന്)
9. വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ